**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2818** **14-09-2023 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലാണ് പുതിയതായി വൈദ്യുതി കണക്ഷൻ നൽകിയതെന്നും ഇനി ഏതെങ്കിലും കോളനികളിൽ വൈദ്യുതി കണക്ഷൻ നൽകുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ഇ.ബി.എൽ മലമ്പുഴ മണ്ഡലത്തിലെ പാലക്കാട് ഡിവിഷനു കീഴിൽ വാളയാർ സെക്ഷനിൽ ഉൾപ്പെടുന്ന കുളിഞ്ഞാട് പട്ടികജാതി കോളനിയിൽ പുതിയതായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. പുതിയ പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, അനെർട്ടിന്റെ ആഭിമുഖ്യത്തിൽ മലമ്പുഴ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ കോളനികളിലെ വീട്ടുകളിൽ പുതിയതായി സൗരോർജ്ജ സംവിധാനം ഉപയോഗിച്ച് വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. എന്നാൽ, മലമ്പുഴ നിയോജകമണ്ഡലത്തിലെ നട്ടപ്പതി കോളനിയിലെ വൈദ്യുതീകരിച്ച 120 വീട്ടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുകയും അനുയോജ്യമായ 76 വീട്ടുകളിൽ 2kW വീതം ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കെ.എസ്.ഇ.ബി.എൽ മുഖേന വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത കോളനികളിൽ സൗരോർജ്ജ സംവിധാനം ഉപയോഗിച്ച് വൈദ്യുതി എത്തിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ